(ഡി) ഈ പദ്ധതി സംബന്ധിച്ച കരാരിൽ ഒപ്പിടാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഇ) കണ്ണൂർ പദ്ധതി ഉപേക്ഷിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) എണ്ണൂർ പദ്ധതിയിൽ നിന്നും വൈദ്യുതി എടുക്കുവാൻ ഉദ്ദേശമുണ്ടോ ;

(ജി) എണ്ണൂർ പദ്ധതി എന്ന് പൂർത്തിയാക്കുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) വൈദ്യുത ബോർഡ് കണ്ണൂർ പവർ പ്രോജക്ട് പ്രൈവറ്റ് ലിമിറ്റഡുമായി മെമ്മോറാണ്ടം ഓഫ് അണ്ടർ സ്റ്റാൻഡിംഗ് (എം.ഒ.യു) 9-2-1995-ലും ഇൻഡിക്കേറ്റീവ് പവർ പർച്ചേസ് എഗ്രിമെന്റ് (ഐ.പി.പി.എ) 14-3-1996-ലും ഒപ്പുവച്ചു. നിബന്ധനകൾക്കു വിധേയമായ ടെക്നോ എക്കണോമിക്ക് ക്ലിയറൻസ് (റ്റി.ഇ.സി) കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയിൽ നിന്ന് 16-2-2000-ൽ ലഭിച്ചു.

(ബി) അമേരിക്കയിലെ എൽപാനോ ഇന്റർനാഷണൽ എന്ന കമ്പനി ഈ പദ്ധതിയുമായി സഹകരിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചിട്ടുണ്ടെന്നുള്ള വിവരം കെ.പി.പി നമ്പ്യാർ ആന്റ് അസോസിയേറ്റ്സ് അറിയിച്ചിട്ടുണ്ട്.

(സി&ഡി) ഇതു സംബന്ധിച്ച് പവർ വകുപ്പിൽ യാതൊരു അറിയിപ്പും ലഭിച്ചിരുന്നില്ല.

(ഇ) കണ്ണൂർ പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച നിർദ്ദേശം ഗവൺമെന്റിന്റെ പരിശോധനയിലാണ്.

(എഫ്) ഇതു സംബന്ധിച്ച് പവർ ട്രേഡിംഗ് കോർപ്പറേഷനുമായി നിബന്ധകൾക്കു വിധേയമായി ധാരണാപത്രം ഒപ്പിടാൻ തീരുമാനിച്ചിട്ടുണ്ട്.

(ജി) പദ്ധതിയുടെ ആദ്യ യൂണിറ്റ് 2003-ൽ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് എന്നാണ് കേന്ദ്ര ഗവൺമെന്റ് വിളിച്ചു ചേർത്ത യോഗത്തിൽ അറിയിച്ചിട്ടുള്ളത്.

എണ്ണൂർ താപവൈദ്യുതി നിലയം

73(286) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീമതി രാധാരാഘവൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എണ്ണൂർ താപവൈദ്യുതിനിലയത്തിൽ നിന്നും വൈദ്യുതി വാങ്ങുന്നത് സംബന്ധിച്ച് സംസ്ഥാന വൈദ്യുതി ബോർഡിന് സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത താപവൈദ്യുതി നിലയത്തിൽ നിന്നും വൈദ്യുതി വാങ്ങുന്നതിനെപ്പറ്റി വൈദ്യുതി ബോർഡ് എന്തെങ്കിലും പ്രമേയം പാസാക്കിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ&ബി) എണ്ണൂർ താപവൈദ്യുതിനിലയത്തിൽ നിന്നും വൈദ്യുതി വാങ്ങുന്നത് സംബന്ധിച്ച് പവർ ട്രേഡിംഗ് കോർപ്പറേഷനുമായി നിബന്ധനകൾക്കു വിധേയമായി ധാരണാപത്രം ഒപ്പുവെക്കാവുന്നതാണെന്ന് സംസ്ഥാന വൈദ്യുതി ബോർഡിനെ സർക്കാർ അറിയിച്ചിട്ടുണ്ട്.

(സി) കേന്ദ്രഗവൺമെന്റ് ഏജൻസിയായ പവർ ട്രേഡിംഗ് കോർപ്പറേഷനുമായി ധാരണാപത്രം ഒപ്പിടാൻ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിനായി പ്രമേയം പാസാക്കിയിട്ടില്ല.

(ഡി) പ്രസക്തമല്ല.

കണ്ണൂർ താപവൈദ്യുത നിലയം

74(287) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂരിൽ സ്ഥാപിക്കാൻ നിശ്ചയിച്ചിരുന്ന താപവൈദ്യുതനിലയം സ്ഥാപിക്കാൻ കഴിയാതെ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) കണ്ണൂരിൽ താപവൈദ്യുതനിലയം ആവശ്യമില്ലായെന്നും തമിഴ്നാട്ടിലെ എണ്ണൂരിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി വാങ്ങിയാൽ മതിയെന്നുമുള്ള നിലപാട് സംസ്ഥാന സർക്കാരോ വൈദ്യുതി ബോർഡോ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ ;

(സി) കണ്ണൂർ താപവൈദ്യുതനിലയം സംബന്ധിച്ച് കണ്ണൂർ പവർ പ്രോജക്ട് കമ്പനിയുമായി സംസ്ഥാന സർക്കാരോ വൈദ്യുതി ബോർഡോ എന്തെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഡി) കണ്ണൂർ താപവൈദ്യുത പദ്ധതിക്ക് കേന്ദ്ര അനുമതി ലഭിച്ചത് എന്നാണ് ;

(ഇ) അനുമതി ലഭിച്ച ശേഷം ഈ പദ്ധതിയുമായി മുന്നോട്ടുപോകാൻ താല്പര്യമില്ലെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly